പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ലയുടെ നടപടിക്രമങ്ങൾ.

വിഷയം – പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ജില്ല- പൊതുസ്ഥലം മാറ്റം 2021-ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥലം മാറ്റം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം –
1. സ.ഉ(കൈ)നം.03/2017/ഉഭപവ തീയതി. 25/02/2017
2. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 21/12/2020 ലെ പാൻ/14725/2020/ഇ 1(ഡിപി) നമ്പർ നോട്ടീസ്
3. ഈ ഓഫീസിലെ 01/02/2021 തീയതിയിലെ എ 3-9443/2020 നമ്പർ നോട്ടീസ്.
4. ഈ ഓഫീസിലെ 28/07/2021 തീയതിയിലെ എ 3-9443/2020(2) നമ്പർ ഉത്തരവ്
5. സേനാപതി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. തിലോത്തമ സോമൻ ന്റെ 29/07/2021 ലെ കത്ത്

ഉത്തരവ് നമ്പർ. എ 3- 9443/2020 തീയതി. 16/08/2021.

2021 ലെ പൊതുസ്ഥലം മാറ്റം നടത്തുന്നതിലേക്കായി പരാമർശം (1) ഉത്തരവ് , പരാമർശം (2) നോട്ടീസ് എന്നിവയിലെ നിർദേശങ്ങൾ പ്രകാരം ഇടുക്കി ജില്ലയിലെ പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ തുടരുന്നവരുടെ പക്കൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകളിലെ ആക്ഷേപങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി പരാമർശം (3) പ്രകാരം അന്തിമ മുൻഗണനാപട്ടിക പ്രസിദ്ധികരിക്കയും പരാമർ ശം (4) ഉത്തരവ് പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

ടി സ്ഥലം മാറ്റ ഉത്തരവിലെ പട്ടികയിൽ ക്രമ നമ്പർ 19 ൽ താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | കോളം 1 | കോളം 2 | കോളം 3 |
|---|---|---|---|
| 19 | *ശ്രീ. ശ്യാം ശശി<br>ഓഫീസ് അറ്റൻഡന്റ്,<br>സേനാപതി ഗ്രാമ പഞ്ചായത്ത് ഓഫീസ്* | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് ഓഫീസ് (ശ്രീമതി . റോസ്ബിൻ തോമസ് ന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) | സേനാപതി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിലനിർത്തുന്നു. |

മേൽ ഭേദഗതിയോടെ പരാമർശം (4) ഉത്തരവ് നിലനിൽക്കുന്നതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
കെ വി കുര്യാക്കോസ്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

നൽകുന്നത്,
1. ബന്ധപ്പെട്ട ജിവനക്കാർക്ക് (ഓഫീസ് മേധാവി മുഖേന)
2. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഇടുക്കി ജില്ല
3. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐകെഎം, തിരുവനന്തപുരം (വെബ്ബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിലേക്കായി)
4 കരുതൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്.